**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2402** **02-08-2021 - ൽ മറുപടിയ്ക്ക്**

**പാലാ റിവർവ്യൂ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാലാ റിവർവ്യൂ റോഡിന്റെ പണി പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | 31.97 കോടി രൂപ അടങ്കൽ തുകയുള്ള പാലാ റിവർവ്യൂ റോഡ് പദ്ധതിയ്ക്ക് 27.03.2018 ൽ 24 മാസത്തെ പൂർത്തീകരണ കാലാവധിയ്ക്ക് അടങ്കൽ നൽകിയിട്ടുണ്ട്. 1100 മീറ്റർ നീളമുള്ളതും, Integral bridge ആയി രൂപകല്പന ചെയ്തിരിക്കുന്നതുമായ ഈ പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കോവിഡ് -19 രോഗ വ്യാപനം മൂലം നിലവിൽ തുടർന്നുവരുന്ന ലോക്ഡൗൺ മൂലമുള്ള പരിമിതികൾ കാരണവും പ്രവൃത്തിക്ക് അനിവാര്യമായ സാങ്കേതിക വിദഗ്ധരുടെയും, ജോലിക്കാരുടെയും ദൗർലഭ്യം മൂലവും 2018-2019 വർഷങ്ങളിൽ മൺസൂൺ കാലത്ത് പ്രളയം കാരണം നദിയിൽ ജലനിരപ്പ് ഉയർന്ന് നിന്നതിനാലും, ടി സൈറ്റിൽ നിന്നിരുന്ന ചില വൃക്ഷങ്ങൾ നിയമാനുസൃതം മുറിച്ച് മാറ്റുന്നതിന് പുനർ ലേലങ്ങൾ നടത്തേണ്ടി വന്നതിനാലും യഥാസമയം പൂർത്തികരിക്കുവാൻ സാധിച്ചില്ല. ഈ പ്രവൃത്തിയിൽ ആകെയുള്ള 147 പൈലുകളും, 49 പൈൽ ക്യാപ്പുകളിൽ 45 എണ്ണവും 176 pre stressed girder കളിൽ 50എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തിര പ്രാധാന്യ ത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത റോഡ് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | 31.97 കോടി രൂപ അടങ്കൽ തുകയുള്ള പാലാ റിവർവ്യൂ റോഡ് പദ്ധതിയ്ക്ക് 27.03.2018 ൽ 24 മാസത്തെ പൂർത്തീകരണ കാലാവധിയ്ക്ക് അടങ്കൽ നൽകിയിട്ടുണ്ട്. 1100 മീറ്റർ നീളമുള്ളതും, Integral bridge ആയി രൂപകല്പന ചെയ്തിരിക്കുന്നതുമായ ഈ പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കോവിഡ് -19 രോഗ വ്യാപനം മൂലം നിലവിൽ തുടർന്നുവരുന്ന ലോക്ഡൗൺ മൂലമുള്ള പരിമിതികൾ കാരണവും പ്രവൃത്തിക്ക് അനിവാര്യമായ സാങ്കേതിക വിദഗ്ധരുടെയും, ജോലിക്കാരുടെയും ദൗർലഭ്യം മൂലവും 2018-2019 വർഷങ്ങളിൽ മൺസൂൺ കാലത്ത് |

| | | | |
|---|---|---|---|
| | | | പ്രളയം കാരണം നദിയിൽ ജലനിരപ്പ് ഉയർന്ന് നിന്നതിനാലും, ടി സൈറ്റിൽ നിന്നിരുന്ന ചില വൃക്ഷങ്ങൾ നിയമാനുസൃതം മുറിച്ചു മാറ്റുന്നതിന് പുനർ ലേലങ്ങൾ നടത്തേണ്ടി വന്നതിനാലും യഥാസമയം പൂർത്തികരിക്കുവാൻ സാധിച്ചില്ല. ഈ പ്രവൃത്തിയിൽ ആകെയുള്ള 147 പൈലുകളും, 49 പൈൽ ക്യാപ്പുകളിൽ 45 എണ്ണവും 176 pre stressed girder കളിൽ 50എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തിര പ്രാധാന്യ ത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ